# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3003** **13.10.2011-ൽ മറുപടിയ്ക്ക്**

## കേന്ദ്ര ഗവൺമെൻറ് മുൻപാകെ സമർപ്പിച്ച പദ്ധതി നിർദ്ദേശം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഇ.പി. ജയരാജൻ** | | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) | സെപ്റ്റംബർ 21, 22, 23 തീയതികളിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല സംഘം ഡൽഹി സന്ദർശിച്ച് കേന്ദ്ര ഗവൺമെൻറ് മുൻപാകെ ഏതെല്ലാം പദ്ധതി നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെന്നു വ്യക്തമാക്കുമോ ; | (എ) | അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, സിൽക്കും എച്ച്.ഇ.സി.എൽ-ഉ മായുള്ള സംയുക്ത പദ്ധതി, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായി ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന ഭെൽ ഇലക്ട്രിക് മെഷീൻ ലിമിറ്റഡ്, എച്ച്.എം.റ്റി യുമായി ചേർന്ന് കളമശ്ശേരിയിൽ സംയുക്ത പദ്ധതി, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ സംസ്ഥാനത്തെക്കൂടി ഉൾപ്പെടുത്തുക, സ്കൂൾ കുട്ടികൾക്കായി വിവിധയിടങ്ങളിൽ ഫുട്ട് ബ്രിഡ്ജ് സ്ഥാപിക്കൽ, മിന്നലിനെയും കടലാക്രമണത്തെയും പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തൽ, കേരളത്തിൽ വിവിധോദ്ദേശ്യ സൈക്ളോൺ ഷെൽറ്ററുകൾ സ്ഥാപിക്കൽ, കേരളത്തിലെ 44 നദികളുടെയും റിവർ മാനേജ്മെൻറ് പ്രോഗ്രാമിന് പ്രത്യേക ധനസഹായം, |

(2...)

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ ആക്ട് ഭേദഗതി ചെയ്യുക, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും തമ്മിലുള്ള സംയുക്ത സംരംഭം, ടൈറ്റാനിയം സ്പോഞ്ച് ഫാക്ടറി സ്ഥാപിക്കൽ, റെയർ എർത്ത് മിനറൽ ബനഫിക്കേഷൻ പ്രോജക്ട് കേരളത്തിൽ സ്ഥാപിക്കൽ, നാഷണൽ മിനറൽ ഡവലപ്മെൻറ് കോർപ്പ-റേഷനും കേരള സർക്കാരുമായി ചേർന്നുള്ള സംയുക്ത സംരംഭം, എൻവയോൺമെൻറ് ഇംപാക്ട് അസസ്സ്മെൻറ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെൻറ് ഇംപാക്ട് അസസ്സ്മെൻറ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പർട്ട് കമ്മിറ്റിയും സ്ഥാപിക്കൽ, ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെൻറ് പ്രോജക്ട്, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ലോകബാങ്ക് വായ്പ, ചീമേനിയിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത വൈദ്യുത നിലയം സ്ഥാപിക്കൽ, കായംകുളത്ത് നിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, ബി.പി.സി.എൽ-ൻെറ കൊച്ചി റിഫൈനറി വികസനം, കൊച്ചിയിൽ എൽ.പി.ജി. ഇറക്കുമതി ടെർമിനൽ സ്ഥാപിക്കൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, മത്സ്യബന്ധന വള്ളങ്ങൾക്ക് മണ്ണെണ്ണ അനുവദിക്കൽ, ഡീസൽ സബ്സിഡി സ്കീമിൻെറ ഗൈഡ്‌ലൈൻസ് പുതുക്കൽ, കൊച്ചി മെട്രോ പ്രോജക്ട്, JnNURM പദ്ധതിയിൽ വാങ്ങിയ ബസ്സുകൾക്കുള്ള രണ്ടാംഘട്ട തുക അനുവദിക്കൽ, ഡൽഹിയിൽ പുതിയ കേരളാഭവന് സ്ഥലം അനുവദിക്കൽ, രാജീവ് ഗാന്ധി അക്കാദമി ഓഫ് ഏവിയേഷൻ ടെക്നോളജിക്ക് പരിശീലനത്തിനായി പഴയ വിമാനം അനുവദിക്കൽ, ചേർത്തലയിൽ ഓർഡിനൻസ് ഫാക്ടറി<br>(3...) |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കൽ, 35-ാം ദേശീയ ഗെയിംസിൻെറ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മിക്കൽ, റേഷൻ കടകളുടെ നവീകരണത്തിന് സഹായം, സംസ്ഥാനത്തിന് ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, പൊതു വിതരണ ശൃംഖലയിൽ ബയോമെട്രിക് അടിസ്ഥാനത്തിൽ തിരിച്ചറിയൽ രേഖ നിർമ്മിക്കൽ, ന്യായവില ഷോപ്പുകളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ വാഗണുകൾ എത്തുമ്പോൾ ഭക്ഷ്യധാന്യ വിതരണം, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ തൊഴിലാളി പ്രശ്നം എന്നീ പദ്ധതി നിർദ്ദേശങ്ങളാണ് സമർപ്പിച്ചത്. |
| (ബി) | ചർച്ചാ വേളകളിൽ തന്നെ അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ; | (ബി) | അനുബന്ധം I-ൽ കാണുക |
| (സി) | പരിഗണിക്കാമെന്നു വ്യക്തമാക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ? | (സി) | അനുബന്ധം II-ൽ കാണുക<br><br>സെക്ഷൻ ഓഫീസർ |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.